# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 4238 24.10.2016 -ൽ മറുപടിയ്ക്ക്

## പ്ലാച്ചിമട നഷ്ടപരിഹാര ട്രൈബ്യൂണൽ ബിൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കൃഷ്ണൻകുട്ടി | ശ്രീ.പിണറായി വിജയൻ |
| ശ്രീ.സി.കെ.നാണു | (മുഖ്യമന്ത്രി) |
| ശ്രീ.കോവൂർ കുഞ്ഞുമോൻ | |

| | | |
|---|---|---|
| എ) | പ്ലാച്ചിമട ട്രൈബ്യൂണൽ വിധി പ്രകാരം നഷ്ടപരിഹാരം ഈടാക്കുന്നതിന് വേണ്ടി കേരള നിയമസഭ ഐകകണ്ഠ്യേന ബിൽ പാസ്സാക്കി കേന്ദ്രസർക്കാരിന്റെ അനുമതിയ്ക്കായി അയച്ചിരുന്നെങ്കിലും അത്തരം ഒരു നിയമം പാസ്സാക്കാൻ സംസ്ഥാനത്തിന് അവകാശമില്ലെന്ന് പറഞ്ഞ് തിരസ്കരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) യും ബി) യും സി) യും 2010-ലെ ദേശീയ ഹരിത ട്രിബ്യൂണൽ ആക്ടിൽ വിഭാവനം ചെയ്തിട്ടുള്ള നിയമവുമായി The Plachimada Coca-Cola Victims Relief and Compensation Claims Special Tribunal Bill, 2011-ലെ വ്യവസ്ഥകൾ പൊരുത്തപ്പെടുന്നില്ലെന്നും മറ്റും ചൂണ്ടിക്കാട്ടി ബിൽ പിൻവലിക്കുവാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയം നിർദ്ദേശിക്കുകയും തുടർന്ന് ബിൽ മടക്കി അയക്കുകയും ചെയ്തിരുന്നു. ഇത്തരത്തിൽ തിരികെ അയച്ചതിലെ ന്യൂനതകൾ ചൂണ്ടിക്കാട്ടി പ്രസ്തുത ബിൽ രാഷ്ട്രപതിയുടെ അംഗീകാരത്തിനായി വീണ്ടും അയക്കുകയുണ്ടായി. എന്നാൽ ബില്ലിൽ "I withhold assent from this Bill" എന്ന് രേഖപ്പെടുത്തി ബഹുമാനപ്പെട്ട രാഷ്ട്രപതി പ്രസ്തുത ബിൽ തിരികെ അയക്കുകയായിരുന്നു. സംസ്ഥാന നിയമസഭ പാസാക്കിയ ബില്ലിന് അനുമതി നിഷേധിക്കുന്നത് രാഷ്ട്രപതിയുടെ പ്രത്യേക അധികാരമായി ഭരണഘടന അംഗീകരിച്ചിട്ടുള്ളതിനാൽ സംസ്ഥാനത്തിന്റെ അധികാരത്തിന്മേലുള്ള കൈയ്യേറ്റമായി ഇതിനെ കാണാൻ കഴിയില്ല. പ്രസ്തുത സാഹചര്യത്തിൽ പ്ലാച്ചിമടയിൽ നാശനഷ്ടങ്ങൾക്കിരയായവർക്ക് എപ്രകാരം നഷ്ടപരിഹാരം ലഭ്യമാക്കാൻ കഴിയുമെന്നതിന്റെ നിയമവശങ്ങൾ സർക്കാർ വിശദമായി പരിശോധിച്ചു വരികയാണ്. |
| ബി) | ഉണ്ടെങ്കിൽ കേന്ദ്രസർക്കാർ നടപടി സംസ്ഥാനങ്ങളുടെ അധികാരത്തിന്മേലുള്ള കൈയ്യേറ്റമാണെന്ന് കരുതുന്നുണ്ടോ; | |
| സി) | എങ്കിൽ കേന്ദ്രസർക്കാർ നിലപാടിനെ മറികടക്കാനും പ്ലാച്ചിമടയിൽ നാശനഷ്ടങ്ങൾ സംഭവിച്ചവർക്ക് നഷ്ടപരിഹാരം ലഭ്യമാക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ